II ഇ.ബി.XVI-കേരളനിയമസഭ/II-5

**പതിനാറാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2026 ഒക്ടോബർ 16, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

15 (*121) ശബരിമലയിലേക്കുള്ള മിൽമയുടെ നെയ്യ് വിതരണത്തിലെ ക്രമക്കേട്

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ) നൽകിയ മറുപടിയിൽ, ലിറ്ററിന് 558.42 രൂപ ഹോൾസെയിൽ വില്പന വിലയുള്ള നെയ്യ് 510 രൂപ നിരക്കിൽ ശബരിമല സന്നിധാനം സ്റ്റോറിൽ എത്തിച്ചവകയിൽ തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയന് 75.05 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും തുടർന്ന് മിൽമയുടെ തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ പിരിച്ചുവിട്ടിട്ടുണ്ടെന്നും കേസന്വേഷണവുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും മുൻവർഷങ്ങളിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണം അന്തിമഘട്ടത്തിലാണെന്നും സഭയെ അറിയിച്ചു. ഉൽപാദനകേന്ദ്രം മുതൽ ശബരിമല സന്നിധാനത്ത് നെയ്യ് എത്തിക്കുന്നതുവരെയുള്ള വിതരണ ശൃംഖല നിരീക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രതപുലർത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. നടപ്പുവർഷം മുതൽ ശബരിമലയിലേക്കുള്ള നെയ്യ് പമ്പയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമെ സന്നിധാനത്തേക്ക് കൊണ്ടുപോകുകയുള്ളൂ എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി അറിയിച്ചു.

16 (*122) ബാല്യസ്പന്ദനം പദ്ധതി

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ അങ്കണവാടികളിലെ കുട്ടികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനും ആരോഗ്യപ്രശ്നങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്തി ആവശ്യമായ തുടർപരിശോധന, അനുബന്ധ ആരോഗ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ത്രൈമാസ ആരോഗ്യപരിശോധന പദ്ധതിയായ 'ബാല്യസ്പന്ദനം' നടപ്പാക്കിവരുന്നുണ്ടെന്നും ആദ്യഘട്ട ആരോഗ്യ പരിശോധന 2026 സെപ്റ്റംബർ മാസത്തിൽ നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രീ-സ്കൂൾ കുട്ടികളുടെ അനുപൂരക പോഷകാഹാര പദ്ധതിപ്രകാരമുള്ള മെനു പരിഷ്കരിച്ച് കേന്ദ്ര സർക്കാരിന്റെ ഡയറ്ററി മാർഗനിർദേശങ്ങൾക്കും ദേശീയ ഭക്ഷ്യഭദ്രതാ നിയമം, സപ്ലിമെന്ററി ന്യൂട്രീഷ്യൻ റൂൾസ്, 'മിഷൻ സക്ഷം അങ്കണവാടി & പോഷൻ 2.0' എന്നിവയിലെ മാനദണ്ഡങ്ങൾക്കുമനുസൃതമായി ഏകീകൃത മാതൃകാ മെനു നടപ്പാക്കിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. 2027 ജനുവരി മാസത്തോടെ അങ്കണവാടികളിൽ പുതിയ കരിക്കുലം നടപ്പാക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ജീവനക്കാർക്ക് സ്മാർട്ട് ഫോൺ നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17 (*123) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ) നൽകിയ മറുപടിയിൽ, ഇന്ദിരാ ഗാരന്റിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകളിൽ പ്രായഭേദമന്യേ സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും പ്രിയദർശിനി സ്ത്രീ സൗജന്യയാത്രാ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും യാത്രക്കാർക്ക് പെട്ടെന്ന് തിരിച്ചറിയാനുള്ള സൗകര്യത്തിനായാണ് സിറ്റി ഫാസ്റ്റ് ബസ്സുകളിൽ സ്റ്റിക്കർ പതിപ്പിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. സൗജന്യയാത്ര അനുവദിച്ചതിനെത്തുടർന്ന് സ്വകാര്യ ബസ്സുകൾ നേരിടുന്ന പ്രശ്നം പഠിച്ച് സമർപ്പിച്ച കമ്മിറ്റി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിൽ സർവീസ് നടത്തുന്ന പ്രിയദർശിനി ബസ്സുകളുടെ എണ്ണം കുറയ്ക്കില്ലെന്നും സിറ്റി ഫാസ്റ്റ് ബസ്സുകളെ ഓർഡിനറി ബസ്സുകളാക്കി മാറ്റി സർവീസ് നടത്തിവരുന്നുണ്ടെന്നും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ

സേവനം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഓർഡിനറി ബസ്സ് സർവീസ് നടത്താൻ ശ്രമിക്കുന്നതാണെന്നും കുത്തുപറമ്പ് വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിലേക്ക് പുതിയ ബസ്സ് സർവീസ് ആരംഭിക്കുന്നത് അനുഭാവപൂർവം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*124) <u>ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും വെല്ലുവിളികളും</u>

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ) നൽകിയ മറുപടിയിൽ, ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന സമകാലിക വെല്ലുവിളികൾ നേരിടുന്നതിനും മേഖലയെ ആധുനികവൽക്കരിക്കുന്നതിനുമായി അക്കാദമിക പരിഷ്കാരങ്ങളും വികസന പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നുണ്ടെന്നും വിദ്യാർഥികളുടെ അക്കാദമിക് പലായനം തടയുന്നതിനും അവരെ സംസ്ഥാനത്ത് നിലനിർത്തുന്നതിനുമായി വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവച്ച് സ്റ്റുഡന്റ് എക്സ്ചേഞ്ച്, ഡ്യുവൽ ഡിഗ്രി പ്രോഗ്രാം, Industry on Campus Earn and Learn പദ്ധതി, Semester in Kerala പദ്ധതി, Global Knowledge Exchange Park എന്നിവ വിഭാവനം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്വകാര്യ/വിദേശ സർവകലാശാലകൾക്ക് സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകാനുള്ള നിയമനിർമ്മാണത്തിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത് പരിഹരിക്കുന്നതിനായി തൊഴിലധിഷ്ഠിത പാഠ്യപദ്ധതി പരിഷ്കരണങ്ങളും വ്യവസായ സഹകരണവും ശക്തിപ്പെടുത്തുന്ന നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും തൊഴിൽ വിപണിയിലെ മാറ്റങ്ങൾ വിശകലനം ചെയ്യാൻ Job Watch Tower (JWT), Apprenticeship Exchange Platform എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. മാറുന്ന തൊഴിൽ സാഹചര്യങ്ങൾക്കനുസരിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകൾ പരിഷ്കരിക്കാനും പരമ്പരാഗത കോഴ്സുകളെ തൊഴിലധിഷ്ഠിത കോഴ്സുകളാക്കി മാറ്റാനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.